**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4157** **28-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സപ്ലൈകോ ഔട്ട്ലെറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | 10 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ വില്പനശാലകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ നഗരസഭ/പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; മണ്ഡലത്തിൽ കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | മലപ്പുറം മണ്ഡലത്തിൽ നിലവിൽ മാവേലി സ്റ്റോറുകൾ ഒന്നും സൂപ്പർ മാർക്കറ്റാക്കാൻ അനുയോജ്യമല്ല. മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഒരു സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ സൂപ്പർ മാർക്കറ്റുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (ഡി) | മണ്ഡലത്തിലെ ഓരോ മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും ആവശ്യാനുസരണം സബ്സിഡി സാധനങ്ങളുടെ സ്റ്റോക്കില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യാനുസരണം സാധങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | **മാവേലിസ്റ്റോർ, മറ്റ് സപ്ലൈകോ ഔട്ട് ലെറ്റുകൾ തുടങ്ങിയവയിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളിൽ ചില ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും സബ്സിഡി ഇതര നിരക്കിലുള്ള അവശ്യ സാധനങ്ങൾ, എഫ്.എം.സി.ജി. ഇനങ്ങൾ, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട് എന്നിരുന്നാലും, നിലവിൽ സപ്ലൈകോ വിൽപ്പനശാലകളിൽ എല്ലാ സബ്സിഡി സാധനങ്ങളും ആവശ്യാനുസരണം എത്തിയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം.**

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | വിൽപ്പനശാല |
|---|---|
| മലപ്പുറം മുനിസിപ്പാലിറ്റി | 1. ആലത്തൂർപ്പടി മാവേലി സ്റ്റോർ<br>2. കോട്ടപ്പടി മാവേലി സ്റ്റോർ<br>3. മലപ്പുറം ടൗൺ മാവേലി സ്റ്റോർ<br>4. മുണ്ടുപറമ്പ് മാവേലി സ്റ്റോർ |
| മൊറയൂർ പഞ്ചായത്ത് | മോങ്ങം മാവേലി സ്റ്റോർ |
| പുൽപ്പറ്റ പഞ്ചായത്ത് | തൃപ്പനച്ചി മാവേലി സ്റ്റോർ |
| പൂക്കോട്ടൂർ പഞ്ചായത്ത് | 1. പൂക്കോട്ടൂർ മാവേലി സ്റ്റോർ<br>2. വള്ളുവമ്പ്രം മാവേലി സ്റ്റോർ |
| ആനക്കയം പഞ്ചായത്ത് | 1.ആനക്കയം മാവേലി സ്റ്റോർ<br>2.പന്തല്ലൂർ മാവേലി സ്റ്റോർ |